8529
18/9/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ്- സംസ്ഥാനത്ത് ഡ്രൈവിംഗ് സ്കൂളുകൾ തുറക്കുന്നതിനും ഡ്രൈവിംഗ് ടെസ്റ്റ് പുനരാരംഭിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (ബി) വകുപ്പ്

സ.ഉ.(സാധാ) നം.284/2020/ഗതാഗതം തീയതി,തിരുവനന്തപുരം, 11/09/2020

പരാമർശം:- ഗതാഗത കമ്മീഷണറുടെ 28.07.2020 തിയ്യതിയിലെ സി5/58/2020-റ്റി.സി നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ 29.08.2020-ലെ അൺ-ലോക്ക് നാല് മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തി നൈപുണ്യ വികസനത്തിനുള്ള പരിശീലന കേന്ദ്രങ്ങൾ തുറക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് . ഈ വിഷയം 34-ാംാം മത് സ്റ്റേറ്റ് ലെവൽ ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം പരിശോധിക്കുകയും കേരളത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഡ്രൈവിംഗ് സ്കൂളുകൾ തുറക്കാമെന്ന് ശുപാർശ നൽകുകയും ചെയ്തിരിക്കുന്നു. കൂടാതെ, എം.എൽ.എ മാർ, ട്രേഡ് യൂണിയനുകൾ, ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ മറ്റ് സംഘടനകൾ എന്നിവരും ഈ ആവശ്യം ഉന്നയിച്ച സർക്കാരിൽ കത്ത് നൽകിയിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗ-നിർദ്ദേശങ്ങൾക്ക വിധേയമായി 14.09.2020 മുതൽ സംസ്ഥാനത്ത് ഡ്രൈവിംഗ് സ്കൂളുകൾ തുറക്കുന്നതിനും ഡ്രൈവിംഗ് ടെസ്റ്റ് പുനരാരംഭിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

1. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കോവിഡ്-19 മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
2. പരിശീലകർ, പരിശീലനം നേടുന്നവർ എന്നിവർ മാസ്ക്, ഗ്ലൗസ്, ഫേസ് ഷീൽഡ് എന്നിവ നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്.
3. പരിശീലന വാഹനത്തിൽ ഒരേസമയം പരിശീലകനും ഒരു വിദ്യാർത്ഥിയും മാത്രമേ ഉണ്ടാകാൻ പാടുള്ളൂ.
4. കണ്ടയിന്മെന്റ് സോണിലുള്ളവർ പരിശീലനം നൽകുകയോ പരിശീലനത്തിൽ പങ്കെടുക്കുകയോ ചെയ്യാൻ പാടില്ല.
5. പരിശീലന വാഹനം നിശ്ചിത സമയ-പരിധിയിൽ അണുവിമുക്തമാക്കേണ്ടതാണ്

6. ഗർഭിണികളെയും 65 വയസ്സിന് മുകളിൽ പ്രായമുള്ളവരെയും ടെസ്റ്റിൽ പങ്കെടുക്കുന്നതിൽ നിന്നും താൽകാലികമായി ഒഴിവാക്കേണ്ടതാണ്
7. ടെസ്റ്റിന് ആൾക്കൂട്ടം ഉണ്ടാകാത്ത തരത്തിൽ നമ്പർ ക്രമീകരിക്കൽ, ടെസ്റ്റിൽ പാലിക്കേണ്ട നടപടി ക്രമങ്ങൾ എന്നിവ ഗതാഗത കമ്മീഷണർ നിശ്ചയിച്ച് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സെക്രട്ടറി**

പകർപ്പ് :

ഗതാഗത കമ്മീഷണർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (Web & Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ